## കേരള സർവകലാശാല

നം.പി.ആർ.47/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 മാർച്ചിൽ ആരംഭിക്കുന്ന മൂന്ന്, അഞ്ച് സെമസ്റ്റർ ബി.ആർക്ക് പരീക്ഷയുടേയും (2008 സ്കീം) അഞ്ചാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) പരീക്ഷയുടേയും ടൈംടേബിൾ വെബ്സൈറ്റിൽ.

2019 മാർച്ച് 13 -ാം തീയതി ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.സി.എ (2011 (സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### സൂഷ്മ പരിശോധനയും പുന: പരിശോധനയും

ബി.കോം ഡിഗ്രി (ആന്വൽ) ഒന്നാം വർഷ റഗുലർ & ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികളും, രണ്ടാം വർഷ റഗുലർ പാർട്ട് ഒന്നും രണ്ടും എഴുതിയ ഓൺലൈൻ, സപ്ലിമെന്ററി വിദ്യാർത്ഥികളും ഉത്തര കടലാസ് പുന: പരിശോധനയ്ക്കും, സൂക്ഷമ പരിശോധനയ്ക്കും മാർച്ച് 25 നു മുൻപായി ഓൺലൈൻ വഴി അപേക്ഷിക്കേണ്ടതാണ്. മറ്റുളളവർ അപേക്ഷാ ഫോം വഴി നേരിട്ട് അപേക്ഷിക്കേണ്ടതാണ്.

### പഠനവൈകല്യക്ലിനിക്ക്

മന:ശാസ്ത്ര വിഭാഗത്തിൽ പഠനവൈകല്യ ക്ലിനിക്ക് കഴിഞ്ഞ പത്തു വർഷമായി പ്രവർത്തിച്ചു വരുന്നുണ്ട്. കുട്ടികളുടെ പഠന, വൈകാരിക, സ്വഭാവ പ്രശ്നങ്ങളെ കണ്ടെത്തുകയും അതിനുവേണ്ട പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുകയും ഫലപ്രദമായ ഇടപെടൽ നടത്തുകയുമാണ് ക്ലിനിക്കിന്റെ പ്രധാന ലക്ഷ്യം. പഠനവൈകല്യങ്ങളെ കുറിച്ചുളള എം.ഫിൽ കോഴ്സിന്റെ ഭാഗമായ ഈ സേവനം പൂർണമായും സൗജന്യമാണ്. ഈ വർഷത്തെ പഠനവൈകല്യ നിർണയ ക്യാമ്പിനായി മാർച്ച് 12-ന് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 9447769036, 8891859994, 8113059371. കൂടുതൽ വിവരങ്ങൾക്ക് ഡോ:

ബിന്ദു. പി. കോ- ഓഡിനേറ്റർ ( പഠനവൈകല്യം) മന:ശാസ്ത്ര വിഭാഗം, കേരള സർവകലാശാല, കാര്യവട്ടം, എന്ന വിലാസത്തിൽ ബന്ധപ്പെടുക.

## പ്രഭാഷണക്ലാസ്

വേദാന്ത പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'യോഗശാസ്ത്രം സമ്പൂർണ്ണ ആരോഗ്യത്തിന്' എന്ന വിഷയത്തിൽ പ്രഭാഷണക്ലാസുകൾ മാർച്ച് 9, 10 തീയതികളിൽ പാളയത്തു വച്ചു നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നവർ ബന്ധപ്പെടുക. ഫോൺ: 8547201074

## ഭാസസമാരോഹ:

വേദാന്ത പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഒരു അന്തർദേശീയ സമ്മേളനം മാർച്ച് 11 – 13 തീയതികളിൽ പാളയം സംസ്കൃത കോളജിൽ വച്ചു നടത്തപ്പെടുന്നു. പ്രസിദ്ധ ആകാശവാണി / ദൂരദർശൻ വാർത്താ സംപ്രേഷകൻ ഡോ: ബലദേവാനന്ദസാഗർ മുഖ്യ അതിഥിയായി പങ്കെടുക്കുന്നു. ഇതിൽ പങ്കെടുക്കുവാനും പ്രബന്ധങ്ങൾ അവതരിപ്പിക്കുവാനും താൽപര്യമുള്ളവർ ബന്ധപ്പെടുക. 8547201074, 9446409948.

## പൂർവ്വ വിദ്യാർത്ഥി സംഗമം

സോഷ്യോളജി വകുപ്പിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് മാർച്ച് 9 ാം തീയതി ശനിയാഴ്ച പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തുന്നു. 1969 മുതലുള്ള എല്ലാ വിദ്യാർത്ഥികളേയും സ്വാഗതം ചെയ്യുന്നു. ഫോൺ. 9847524317, 8075498636.

തിരുവനന്തപുരം.

05-03-2019

പബ്ലിക് റിലേഷൻസ് ഓഫീസർ